LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ നിയമനങ്ങളുടെ ഒരു കാസ്റ്റ് വാർ സ്റ്റേറ്റുമെൻറ് പ്രസ്ഥാവിക്കുമായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റ് ഉണ്ടാകും.

ശ്രീ. എൻ. ജി. ചാക്കോ : പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കാത്തവരെ, തെരഞ്ഞെടുത്തിട്ടില്ലെന്നു് പ്രത്യേകം അറിയിക്കാത്തതു് എന്തുകൊണ്ടാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ടി. എ. മജീദ് : ഇൻറർവ്യൂ കഴിഞ്ഞിട്ടും നിയമനം നടത്താത്തതു് വേക്കൻസി ഇല്ലാഞ്ഞിട്ടാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻറർവ്യൂ കഴിഞ്ഞാൽ സെലക്ഷൻ നടക്കും.

ശ്രീ. എം. വി. ചെറിയാൻ : പെയിറിംഗ് ലിസ്റ്റിൽ ധാരാളം പേർ ഉണ്ടായിരുന്നിട്ടും പിന്നെയും ഇൻറർവ്യൂ നടത്തുന്നതു് എന്തിനാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഉള്ളതായി എനിക്കറിവില്ല.

ശ്രീ. എം. വി. ചെറിയാൻ : അങ്ങിനെ ഉണ്ടെങ്കിൽ അതിനെ നല്ലിഫൈ ചെയ്യുകയോ അല്ലെങ്കിൽ പരീക്ഷ തുടരാൻ അനുവദിക്കുകയോ ചെയ്യുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 530. [30] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ പുതുതായി എത്ര എൻ. ഇ. എസ്സ്. ബ്ലോക്കുകൾ സംസ്ഥാനത്തിനു് കേന്ദ്രം അനുവദിച്ചിട്ടുണ്ടു് ;

(ബി) അവയുടെ സ്ഥലനിർണ്ണയം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഈ ചോദ്യത്തിനു് മുമ്പു് ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. പി. കെ. യശോധരൻ : എനിക്കു് അതു സംബന്ധിച്ചു് ഒരു കാര്യം അറിയാനുണ്ടു്. ഇപ്പോൾ പുതുതായി അനുവദിച്ചിട്ടുള്ള ബ്ലോക്കുകൾ മറ്റു ബ്ലോക്കുകളോടു ചേർന്നു കിടക്കുന്നതാണോ എന്നറിയണം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. പി. കെ. യശോധരൻ : ഇപ്പോൾ 5 ബ്ലോക്കാണു് പുതുതായി അനുവദിച്ചിട്ടുള്ളതു്. ഇങ്ങനെയാണെങ്കിൽ 5 വർഷംകൊണ്ടു് 100 ബ്ലോക്കുകൾ എങ്ങിനെയാണു് തീരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 5 വർഷംകൊണ്ട് ഇനി 100 ബ്ലാക്കുകൾ തിരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. എങ്ങിനെയാണ് 100 തിരിക്കുന്നതെന്നു ചോദിച്ചാൽ ഓരോ വർഷവും 20 വീതം അനുവദിച്ചാൽ 5 കൊല്ലംകൊണ്ട് 100 ആകും. അല്ലെങ്കിൽ ഒരു വർഷം 30–ം, പിന്നെയുള്ള വർഷംകൊണ്ട് ബാക്കിയുള്ളതും തിരിക്കാം.

ശ്രീ. പി. കെ. യശോധരൻ: പഞ്ചവത്സരപദ്ധതി പൂർത്തിയാകുമ്പോൾ എല്ലാ ബ്ലാക്കുകളും പൂർത്തിയാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്.

പട്ടികജാതി.

* 531. [32] ശ്രീ. പി. എം. മാക്കോസ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ഗവണ്മെന്റ് ഏതെല്ലാം ജാതിക്കാരിൽനിന്നും എന്തടിസ്ഥാനത്തിന്മേലാണ് പട്ടികജാതിക്കാരെ തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ടി പട്ടികജാതിക്കാരെ പട്ടികജാതിക്കാരായി അംഗീകരിച്ചു അവസാന തീരുമാനം ചെയ്യുന്നതു സ്റ്റേറ്റ് ഗവണ്മെന്റാണോ; ഇൻഡ്യാഗവണ്മെന്റാണോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തീണ്ടൽ, തൊടീൽ മുതലായ സാമുദായിക അവശതകളും അനേകകാലമായി അനുഭവിച്ചുകൊണ്ടിരുന്ന ഹിന്ദുമതത്തിൽപ്പെട്ട ജാതിക്കാരെയാണ് പട്ടികജാതിക്കാരായി ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ളതു്.

(ബി) മേൽപ്പടി ജാതിക്കാരെ പട്ടികജാതിക്കാരായി അംഗീകരിച്ചു് അവസാനതീരുമാനം ചെയ്യുന്നതു് ഇൻഡ്യാഗവണ്മെന്റാണു്.

ശ്രീ. പി. എം. മക്കോസ്: തീണ്ടൽ, തൊടീൽ മുതലായ സാമുദായിക അവശതകളും ഉള്ളവരെ പട്ടികജാതിക്കാരിൽ ഉൾപ്പെടുത്തുമ്പോൾ ക്രിസ്ത്യീയവിഭാഗത്തിൽ അതുപോലെ തീണ്ടലും തൊടിലും ഉള്ളവരുണ്ടെന്നു് ഗവണ്മെന്റിനു അറിയാൻ പാടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ക്രിസ്ത്യീയവിഭാഗത്തിൽ അങ്ങിനെ ഉള്ളതായി അറിവില്ല.

ശ്രീ. പി. എം. മക്കോസ്: പട്ടികജാതിയിൽപ്പെട്ട ഹിന്ദുക്കൾ തന്നെ പട്ടികജാതിയിൽപ്പെട്ട ചിലരെ തീണ്ടൽ, തൊടീൽ ഉള്ളവരായി കരുതുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പല ഡിഗ്രികളിലായി കുറെ അവശേഷിക്കുന്നുണ്ടു്.

ശ്രീ. പി. എം. മക്കോസ്: അവശസമുദായ ക്രിസ്ത്യാനികളെ പട്ടികജാതിയിൽ പെടുത്തണമെന്നു് നിവേദനം കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly